# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ:5342 01.07.2019 ലെ മറുപടിയ്ക്ക്

**ട്രഷറി ചെക്കിന് അധികം തുക നൽകാനിടയായ സാഹചര്യം**

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**
ഡോ. റ്റി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കണ്ണൂർ ജില്ലാപഞ്ചായത്ത് കരാറുകാരന് കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും രണ്ട് ലക്ഷം രൂപയുടെ ചെക്കിന് പകരം ഇരുപത് ലക്ഷം രൂപ നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ ഇക്കാര്യത്തിൽ ട്രഷറി വകുപ്പ് നടത്തിയ അന്വേഷണത്തിന്റേയും കൈക്കൊണ്ട നടപടികളുടെയും വിശദാംശങ്ങൾ നൽകുമോ ; | ടി വിഷയത്തിൽ ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി ട്രഷറി ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും, തുടർന്ന് വീഴ്ചവരുത്തിയതായി ബോധ്യപ്പെട്ട 4 ട്രഷറി ജീവനക്കാർക്ക് ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകിക്കൊണ്ട് അച്ചടക്കനടപടി ആരംഭിക്കുകയും പ്രസ്തുത ചെക്ക് തെറ്റായി സ്ക്രൂട്ടിണി ചെയ്ത സീനിയർ അക്കൗണ്ടന്റിനേയും ആയത് പാസ്സാക്കിയ ജൂനിയർ സൂപ്രണ്ടിനേയും കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്ന് അടിയന്തരമായി ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായി. |
| (സി) | അനധികൃതമായി കൈപ്പറ്റിയ പത്തിരട്ടിപണം ഇതിനകം കരാറുകാരനിൽ നിന്ന് തിരിച്ച് പിടിക്കുകയുണ്ടായോ; | അനധികൃതമായി കൈപ്പറ്റിയ പണം ഇടപാടുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ നിയമാനുസൃതം സ്വീകരിച്ചുവരുന്നു. കൂടാതെ ടിയാൻ കൈപ്പറ്റിയ പണം തിരികെ ഒടുക്കാത്ത പക്ഷം നിയമാനുസൃത മാർഗ്ഗത്തിലൂടെ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ചില കോണുകളിൽ നിന്നുള്ള സമ്മർദ്ദവും ഇടപെടലുകളും അന്വേഷണത്തെയും പണം തിരിച്ച- പിടിക്കുന്ന നടപടിയെയും ദുർബ്ബലമാക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | ടി വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദമോ ഇടപെടലുകളോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**